# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2588 27.01.2014-ൽ മറുപടി നൽകേണ്ടിയിരുന്നത്

## ആശാവർക്കർമാരുടെ സാമ്പത്തിക ആനുകൂല്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ. എസ്. സലീഖ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് നിലവിൽ എത്ര ആശാവർക്കർമാരുണ്ട് ; ഇവർക്ക് നൽകുന്ന സാമ്പത്തിക ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | (എ) 28946 ആശാ വർക്കർമാരുണ്ട്. ആശാപ്രവർത്തകർക്ക് താഴെപ്പറയുന്ന ഇൻസന്റീവുകളാണ് നൽകുന്നത്.<br><br>1. പരിശീലനങ്ങൾക്ക് യഥാർത്ഥ യാത്രാപ്പടി<br>2. പരിശീലന ദിവസങ്ങൾക്ക് 100 രൂപ വീതം ക്ഷാമബത്ത<br>3. ആരോഗ്യ സ്ഥാപനങ്ങളിൽ മാസംതോറും നടക്കുന്ന മീറ്റിംഗിന് 100 രൂപ<br>4. ജനനി സുരക്ഷാ യോജന പ്രകാരം ഒരു ഗുണഭോക്താവിനെ സഹായിക്കുന്നതിന് 200 രൂപ<br>5. മാസംതോറും നടക്കുന്ന പ്രതിമാസ കുത്തിവയ്പുകൾക്ക് ഒരു കുട്ടിയെ കൊണ്ടു വരുന്നതിന് 20 രൂപ, വന്ധ്യംകരണത്തിനു സ്ത്രീകളെ പ്രേരിപ്പിക്കുന്നതിന് 150 രൂപയും പുരുഷൻമാർക്ക് 200 രൂപയും<br>6. വാർഡുതല ആരോഗ്യ പോഷക ദിനം സംഘടിപ്പിക്കുന്നതിനു 150 രൂപ (കുറഞ്ഞത് 25 പേരെയെങ്കിലും പങ്കെടുപ്പിക്കണം)<br>7. തിമിര ശസ്ത്രക്രിയയ്ക്ക് പ്രേരണ നൽകി ശസ്ത്രക്രിയ നടത്തുകയും ചെയ്യുന്നതിന് 175 രൂപ (ഒരു കണ്ണിന്)<br>8. ടി.ബി. രോഗികൾക്ക് കഫ പരിശോധനയ്ക്കും അതിനു ശേഷം ഡോട്സ് നൽകുന്നതിനുമായി 250 രൂപ |

(....2)

9. ഗർഭിണികളായ സ്ത്രീകളെ തുടർച്ചയായി സന്ദർശിച്ച് ഗർഭകാല പരിചരണവും ശുശ്രൂഷയും (പ്രസവശേഷം കുറഞ്ഞത് മൂന്ന് ഗൃഹസന്ദർശനം) നടത്തുന്നതിന് 20 രൂപ

10. കുട്ടികൾക്ക് മുഴുവൻ പ്രതിരോധ കുത്തിവയ്പുകൾ എടുക്കുകയും അത് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യുന്നതിന് ഒരു കുട്ടിക്ക് 50 രൂപ

2011-12 ലെ സംസ്ഥാന ബഡ്ജറ്റിൽ ആശമാർക്ക് 300 രൂപ ഓണറേറിയം നൽകുന്നതിന് പരാമർശിച്ചിരുന്നു. അതിനുശേഷം 2011 ജൂലൈ ബഡ്ജറ്റിൽ ഇത് 500 രൂപയായി ഉയർത്തിയിരുന്നു. 2012-13 -ൽ ഇത് 600 രൂപയായും 2013-14 ഇത് 700 രൂപയായും ഉയർത്തിയിട്ടുണ്ട്.

(ബി) ഇവർക്ക് എത്ര മാസത്തെ സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുവാനുണ്ട് ; പ്രസ്തുത ആനുകൂല്യങ്ങൾ എപ്പോൾ നൽകുമെന്ന് വ്യക്തമാക്കുമോ ;

(ബി) 9 മാസത്തെ ഓണറേറിയം നൽകാനുണ്ട്. ഈ വർഷത്തെ ഓണറേറിയം നൽകുന്നതിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഉടനെ വിതരണം ചെയ്യുന്നതാണ്.

(സി) 2013-14 നടപ്പുവർഷം ആശാവർക്കർമാരുടെ പ്രവർത്തനങ്ങൾക്കായി ആരോഗ്യ വകുപ്പ് എന്ത് തുക നീക്കിവച്ചിരുന്നു ; ആയതിൽ എന്ത് തുക ഇതേവരെ ചെലവഴിച്ചു ; വ്യക്തമാക്കുമോ ;

(സി) 2013-14 നടപ്പുവർഷം എൻ.ആർ.എച്ച്.എം. 12.62 കോടി രൂപയാണ് നീക്കിവച്ചത്. ഇതിൽ 5.25 കോടി രൂപ (ഒക്ടോബർ 2013) ചെലവഴിച്ചിട്ടുണ്ട്.

(ഡി) ഇവരുടെ പ്രവർത്തനത്തിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ആശാ പ്രവർത്തകർക്ക് ഈ വർഷം പ്രധാനമായും 6-ാം മൊഡ്യൂളിന്റെ പരിശീലനമാണ് നൽകിയിട്ടുള്ളത്. കൂടാതെ പാലിയേറ്റീവ് പരിചരണത്തിൽ തിരഞ്ഞെടുത്ത ആശമാർക്ക് ഒരു മാസത്തെ പ്രത്യേക പരിശീലനവും നൽകിയിട്ടുണ്ട്.

(ഇ) ആശാവർക്കർമാർക്ക് തൊഴിലുറപ്പുകാർക്ക് നൽകുന്നതുപോലെ ദിവസവേതനം അനുവദിച്ച് നൽകുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ ?

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ